# അറിയിപ്പ്

പോലീസ് വകുപ്പിൽ Civil Police Officer (Woman Police Battalion) (കാറ്റഗറി നമ്പർ. 094/2020) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശാരീരിക അളവെടുപ്പ്, കായികക്ഷമതാപരീക്ഷ എന്നിവ 2022 സെപ്റ്റംബർ 26 മുതൽ തിരുവനന്തപുരം ആസ്ഥാന ഓഫീസിന്റെയും കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളുടെയും മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രൗണ്ടുകളിൽ വച്ച് നടത്തുന്നു. തിരുവനന്തപുരം ജില്ലയിൽ ഒക്ടോബർ 3-നും, കൊല്ലം ജില്ലയിൽ ഒക്ടോബർ 7-നും, എറണാകുളം ജില്ലയിൽ സെപ്റ്റംബർ 30-നും, കോഴിക്കോട് ജില്ലയിൽ ഒക്ടോബർ 1-നും ടെസ്റ്റ് പൂർത്തിയാകുന്നതാണ്. ടി പരീക്ഷയുമായി ബന്ധപ്പെട്ട ജില്ലാമാറ്റം/പരീക്ഷാകേന്ദ്രമാറ്റം ഒരു സാഹചര്യത്തിലും അനുവദിക്കുന്നതല്ല. അർഹരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും Profile Message, SMS എന്നിവ നൽകിയിട്ടുള്ളതും, അഡ്മിഷൻ ടിക്കറ്റ് OTR പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. അഡ്മിഷൻ ടിക്കറ്റിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ടി പരീക്ഷ സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ ആസ്ഥാന ആഫീസുമായി ബന്ധപ്പെടേണ്ടതാണ് (Enquiry-0471 2546 400/401).